>> ലേഖനം

**ഷാനവാസ്**



# 'ഞാനും നിങ്ങളെപ്പോലെ ഒരാളല്ലയോ?'

**ഇസ്‌ലാമിക** വിശ്വാസസംഹിതയുടെയും (ദീൻ) പ്രയോഗ പദ്ധതിയുടെയും(ശരീഅത്ത്) പ്രഥമ വക്താക്കളും പ്രയോക്താക്കളും പ്രവാചകന്മാരാണ്. ശുദ്ധ മാനവികതയുടെ കലർപ്പറ്റ മാതൃക എന്നതാണ് പ്രവാചകന് ഇസ്‌ലാം കൽപിക്കുന്ന സ്ഥാനം. "നിങ്ങൾക്ക് ദൈവദൂതനിൽ ഉത്തമ മാതൃകയുണ്ട്'' എന്നത്രെ ദൈവിക അരുളപ്പാട്. "ദിവ്യബോധനം നൽകപ്പെടുന്നതൊഴിച്ചാൽ ഞാനും നിങ്ങളെപ്പോലെ ഒരാൾതന്നെ'' (*അൽകഹ്ഫ്* 110) എന്നു തുറന്നു പ്രഖ്യാപിക്കാനാണ് ഖുർആൻ പ്രവാചകനോടാവശ്യപ്പെടുന്നത്. 'നിങ്ങളെപ്പോലെ ഒരാൾ' എന്നതിൽനിന്നും 'നിങ്ങളെപ്പോലെ അല്ലാത്ത ഒരാളി'ലേക്കുള്ള ദൂരമാണ് പ്രവാചകനും ആൾദൈവത്തിനുമിടയിലുള്ളത്. പുരോഹിതന്മാരും ആൾദൈവങ്ങളും എക്കാലത്തും ഭയപ്പെട്ടിരുന്ന ഒരു പ്രയോഗമാണ് 'നിങ്ങളെപ്പോലെ ഒരാൾ'എന്നത്.

പേരു മുതൽ തന്നെ 'നിങ്ങളെപ്പോലെ അല്ലാത്ത' ഒരാളായിത്തീരുന്നതിലാണ് ആൾദൈവങ്ങളുടെ വിജയമിരിക്കുന്നത്. മാതാ അമൃതാനന്ദമയിയിലും ശ്രീ ശ്രീ രവിശങ്കറിലും ഹിമവൽ ഭദ്രാനന്ദയിലുമെല്ലാം ആഢ്യ പദക്കൂട്ടുകൾക്കിടയിൽ ഒരു സാധാരണ മനുഷ്യൻ നഷ്ടപ്പെടുന്നതിന്റെ ആപദ്ധ്വനികൾ കൂടി കേൾക്കാൻ കഴിയുന്നില്ലേ? എന്നാൽ ഈസാ, മൂസാ, മുഹമ്മദ്, ഇബ്‌റാഹീം(അ) തുടങ്ങിയ പേരുകൾ ഭാരം വലിക്കുന്ന, മണ്ണിൽ പണിയെടുക്കുന്ന, സാദാ മനുഷ്യജീവിതത്തിന്റെ ഉത്കണ്ഠകളിലും സ്വപ്നങ്ങളിലും ജീവിക്കുന്ന പച്ച മനുഷ്യരെയല്ലാതെ ഓർമിപ്പിക്കുന്നുണ്ടോ? ഖുർആൻ പ്രവാചകനെ അടയാളപ്പെടുത്തുന്നത് പൊതുജനത്തിലെ ഒരംഗമെന്ന നിലക്കാണ് (*അൽജുമുഅ* 2, *അൽഅഅ്‌റാഫ്* 73, 85). പ്രവാചകനും ആൾദൈവവും ഒരിക്കലും സന്ധിക്കാത്ത രണ്ട് സമാന്തര രേഖകളാണ്. രണ്ട് വ്യത്യസ്ത രാശി മണ്ഡലങ്ങളിലാണവർ നിലകൊള്ളുന്നത്.

മനുഷ്യന്റെ തന്നെ ദുഷ്ചെയ്തികൾ മൂലം ഭംഗം വന്നുപോയ ജീവിതതാളം പുനഃക്രമീകരിക്കാനും ജീവിതത്തിന്റെ നിറവും മണവും തിരിച്ചുപിടിക്കാനും താളവും ശോഭയുമുള്ള ഒരു ജീവിതം സമർപ്പിക്കുകയാണ് പ്രവാചകന്മാർ ചെയ്തത്. മണ്ണിൽ കാലൂന്നിനിന്നുകൊണ്ട് അവർ ആകാശത്തെക്കുറിച്ചു സംസാരിച്ചു. വിണ്ണിൽനിന്ന് വെളിച്ചം സ്വീകരിച്ച് അവർ മണ്ണിൽ വിളക്കുമാടങ്ങൾ തീർത്തു. ജീവിതത്തിന്റെ യാഥാർഥ്യങ്ങളിലും മനുഷ്യാനുഭവത്തിന്റെ സ്വഭാവികതയിലും മലർവാടികൾ തീർത്ത് ജീവിതത്തെ സുഗന്ധപൂർണമാക്കി.

അന്നം മനുഷ്യജീവിതത്തിന്റെ അനിവാര്യതയും അങ്ങാടി സാമൂഹിക ജീവിതത്തിലെ സ്വാഭാവികതയുമാണ്. അതിനാൽ പ്രവാചകനും അതിൽനിന്നൊന്നും ഒഴിഞ്ഞു നിൽക്കാനാവുമായിരുന്നില്ല (*അൽഫുർഖാൻ* 20). ഭാര്യയും, സന്താനങ്ങളും കൂടി ഉണ്ടാവുമ്പോഴേ ഒരു പുരുഷ ജീവിതം അർഥപൂർണമാകൂ. അതിനാൽ പ്രവാചകന്മാരും ഭാര്യാസന്താനങ്ങൾക്കൊപ്പമേ ജീവിതം കെട്ടിപ്പടുത്തിട്ടുള്ളൂ (*അർറഅ്ദ്* 38).

ഏതൊരു പ്രവാചകനും ദൈവമെന്ന് ആരോപിക്കപ്പെടാനും പൂജിക്കപ്പെടാനും ആയിരം സാധ്യതകൾ മുന്നിൽ. പ്രവാചകത്വത്തിനു മുമ്പ് സമൂഹത്തിൽ സ്വീകാര്യരും ബഹുമാനിതരുമായിരുന്ന മഹാ വ്യക്തിത്വങ്ങൾ (*ഹൂദ്* 62). മായാജാലം കാട്ടി അനുയായികളാക്കാൻ മാത്രം മനസ്സ് പാകപ്പെട്ട ജനത (*അൽബഖറ* 118, *യൂനുസ്* 20). ആരാധനകളേറ്റുവാങ്ങി അനന്തശയനം കൊള്ളുന്ന ദൈവങ്ങളെ എത്രയും പൊറുപ്പിക്കാനവർ സന്നദ്ധരായിരുന്നു. പ്രവാചകനവതരിപ്പിച്ച ഉത്തരവാദിത്വ പൂർണമായ മാനവിക ജീവിതത്തിന്റെ സമ്പൂർണ മാതൃകയോട് മാത്രമായിരുന്നു അവരുടെ എതിർപ്പ് (*ഹൂദ്* 87). ജനം എന്നും ഉത്തരവാദിത്വങ്ങളേറ്റെടുക്കാൻ വിസമ്മതിച്ചു. 'ഇങ്ങനെ ജീവിക്കൂ' എന്ന പ്രവാചകന്റെ ആഹ്വാനം അവർക്ക് അസഹനീയമായിരുന്നു. എന്നെ ആരാധിക്കൂ എന്നാണ് പ്രവാചകൻ പറഞ്ഞിരുന്നതെങ്കിൽ; ഭക്തരുടെ വ്യാമോഹങ്ങൾക്കുമേൽ ആലിംഗനത്തിന്റെ അനുഭൂതി ചൊരിയുന്ന ആത്മീയ താരകമായി അദ്ദേഹം അവതരിച്ചിരുന്നുവെങ്കിൽ പ്രവാചകനു വേണ്ടി ജനം പട്ടുമെത്തകൾ വിരിച്ചേനെ, അവർ

അദ്ദേഹത്തിനു മുന്നിൽ പുഷ്പകവാടങ്ങൾ തുറന്നേനെ. വിപണി തന്ത്രങ്ങളിൽ മാസ്റ്റർ ബിരുദമെടുത്ത വിദഗ്ധരുടെ പി. ആർ വർക്കില്ലാതെ തന്നെ വിപണി പിടിക്കാവുന്ന അനുകൂല പശ്ചാത്തലം! എന്നാൽ ഒരു വിഗ്രഹമായി കല്ലിലുറച്ച് ജനമനസ്സിൽ പ്രതിഷ്ഠ നേടി ഇതിഹാസ കാവ്യങ്ങളുടെ ഭക്തിവിവരണങ്ങളിലെ അനുഭൂതിദാതാവാകാൻ പ്രവാചകൻ വിസമ്മതിച്ചു.

പ്രവാചകത്വം അവരെ മണ്ണിൽനിന്നെടുത്ത് അലങ്കാര നക്ഷത്രമായി വിണ്ണിലുറപ്പിക്കുകയല്ല ചെയ്തത്. മാസ്മര സംവിധാനങ്ങൾ തീർത്ത അന്തഃപുരങ്ങളിൽ മായാജാലം കാട്ടി ഭക്തരുടെ കണ്ണിൽ നിറയുന്ന അത്ഭുതത്തിൽ അനുഭൂതി കൊള്ളുകയുമല്ല അവർ ചെയ്തത്. ജനജീവിതത്തിന്റെ ചുട്ടുപൊള്ളുന്ന മണലാരണ്യങ്ങളിലും മഞ്ഞുറഞ്ഞ ധ്രുവദേശങ്ങളിലും ഇറങ്ങിനിന്ന് മനുഷ്യ പുത്രന് ജീവിത വിശുദ്ധിയുടെ പ്രായോഗിക പാഠങ്ങളഭ്യസിപ്പിക്കാനുള്ള നിരന്തര യത്നങ്ങളിലായിരുന്നു അവരേർപ്പെട്ടത്. ഇതിനെകുറിച്ച അല്ലാഹുവിന്റെ സാക്ഷ്യം കാണുക: "അല്ലാഹു ഒരു മനുഷ്യനെ പ്രവാചകനാക്കി, വേദവും തത്ത്വജ്ഞാനവും നൽകി. എന്നിട്ടയാൾ ഇപ്രകാരം പറയുന്നത് സംഭവ്യമല്ല: ജനങ്ങളേ നിങ്ങൾ അല്ലാഹുവെ വെടിഞ്ഞ് എന്റെ ദാസരാകുവിൻ. അദ്ദേഹം പറയുക ഇപ്രകാരമാവും: നിങ്ങൾ ദൈവത്തിന് പ്രിയപ്പെട്ടവരാവുക, നിങ്ങൾ വേദഗ്രന്ഥം പഠിപ്പിക്കുകയും പഠിക്കുകയും ചെയ്യുന്നതിനാൽ" (*ആലുഇംറാൻ* 79).

തന്റെ പ്രബോധനം ഒരുപറ്റം ആൾക്കാർ സ്വീകരിച്ചതിനു ശേഷവും പ്രവാചകനു വേണ്ടി മണിമേട പണിയാനും പട്ടുമെത്ത വിരിക്കാനും അനുയായികൾ തയാറായിരുന്നിട്ടും, ക്ലേശകരമായ ജീവിതത്തിന്റെ പരുക്കൻ മാർഗമാണവർ തെരഞ്ഞെടുത്തത്. ഇബ്നു മസ്ഊദ്(റ) ഒരു സംഭവം ഉദ്ധരിക്കുന്നു: "റസൂൽ ഒരിക്കൽ പനമ്പായയിൽ കിടന്നുറങ്ങി. എഴുന്നേറ്റപ്പോഴതാ ശരീരത്തിലവിടെയും ഇവിടെയും പനമ്പൊളിയുടെ പാടുകൾ. അതു കണ്ട് മനംനൊന്ത ഞങ്ങളാരാഞ്ഞു: 'റസൂലേ ഞങ്ങൾ അങ്ങേക്കുവേണ്ടി കുറച്ചു കൂടി മയമുള്ള ഒരു വിരിപ്പ് സംഘടിപ്പിക്കുന്നതിന് അങ്ങേക്ക് വിരോധമുണ്ടോ?' തിരുമേനി ഇങ്ങനെ പ്രതിവചിച്ചു: 'ഈ ലോകത്ത് എനിക്കെന്ത് കാര്യം? ഞാനും ദുനിയാവും തമ്മിലുള്ള ബന്ധമിത്രയാണ്: ഒരാൾ യാത്രാ മധ്യെ മരച്ചുവട്ടിലിരുന്ന് ക്ഷീണമകറ്റി. പിന്നെ മരമുപേക്ഷിച്ച് അയാൾ യാത്രയായി. അത്രതന്നെ" (തിർമിദി).

പ്രവാചകന്മാരുടെ മരണത്തെ സംബന്ധിച്ച ഖുർആന്റെ പ്രസ്താവം കാണുക: "മുഹമ്മദ് ഒരു ദൈവദൂതൻ മാത്രം. അദ്ദേഹത്തിന് മുമ്പ് എത്ര ദൂതന്മാർ കഴിഞ്ഞിരിക്കുന്നു! അദ്ദേഹം മരണപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്താൽ നിങ്ങൾ പിന്നോട്ടടിക്കുകയോ?........... അല്ലാഹുവിന്റെ ഉത്തരവനുസരിച്ചല്ലാതെ ഒരാൾക്കും മരിക്കാനൊക്കില്ല" (*ആലുഇംറാൻ* 144,145). ഉഹുദു യുദ്ധവേളയിൽ പ്രവാചകൻ കൊല്ലപ്പെട്ടിരിക്കുന്നു എന്നൊരു കിംവദന്തി പ്രചരിപ്പിച്ചു, ശത്രുപക്ഷം. ഇതു കേട്ട ചില മുസ്‌ലിംകളെങ്കിലും ചകിതരായി. മുസ്‌ലിംകളെ മനശ്ശാസ്ത്രപരമായി തളർത്തുകയായിരുന്നു ശത്രുവിന്റെ ലക്ഷ്യം. പ്രവാചകന് ചില പരിക്കുകൾ പറ്റിയിട്ടേ ഉണ്ടായിരുന്നുള്ളൂ. മുഹമ്മദ് (സ) കൊല്ലപ്പെട്ടിട്ടില്ല എന്ന ഒരു വസ്തുതാവിവരണം കൊണ്ടല്ല ഖുർആൻ ഇതിന് മറുപടി പറഞ്ഞത്. ദൂതനായ മനുഷ്യൻ എന്ന നിലക്ക് പ്രവാചകന്റെ മരണവും എപ്പോഴും സംഭവിക്കാവുന്നതാണ്. മുഹമ്മദ് നബി(സ)ക്ക് മുമ്പുള്ള പ്രവാചകന്മാരൊക്കെയും മരിച്ചുപോയിട്ടില്ലേ? അതിനാൽ അവരുയർത്തിയ സാർവലൗകികാദർശത്തെ ഏറ്റെടുക്കുക മാത്രമാണ് നിങ്ങൾ ചെയ്യേണ്ടത് എന്ന മഹത്തായ ഒരു തത്ത്വം അനുയായികളെ പഠിപ്പിക്കുകയാണ് ഖുർആൻ ചെയ്തത്.

ദുഃഖവും കോപവുമൊക്കെ പ്രവാചകന്മാരെ സംബന്ധിച്ചും യാഥാർഥ്യമായിരുന്നു (*അൽഅൻആം* 33, *അൽഅഅ്റാഫ്* 150). അദൃശ്യങ്ങളറിയാത്തവർ (*അൽഅൻആം* 50) തികഞ്ഞ സാധാരണക്കാരായി അധ്വാനിച്ചു ജീവിച്ചു. മൂസാ നബി(അ) എട്ടോപത്തോ വർഷം കൂലിവേല ചെയ്തതായി ഖുർആൻ സാക്ഷ്യം വഹിക്കുന്നു (*അൽഖസ്വസ്വ്* 27). എല്ലാ പ്രവാചകന്മാരും ആടിനെ മേയ്ക്കുന്ന തൊഴിൽ ചെയ്തിരുന്നുവെന്ന് തിരുമേനി അരുളുന്നു.

* * * * * * *

പ്രവാചകന്റെ മനുഷ്യ ഭാവത്തെ ഉറപ്പിക്കുന്നതാണ് മേൽപറഞ്ഞ വസ്തുതകളെല്ലാം. യാദൃച്ഛികമായി പറഞ്ഞുപോയ അശ്രദ്ധമായ വരികളല്ല ഇവയൊന്നും. ഇസ്‌ലാമിക ദർശന സംഹിതയുടെ ലോകവീക്ഷണത്തിന്റെയും മനുഷ്യവീക്ഷണത്തിന്റെയും അടിത്തറയിൽനിന്നുരുവം കൊണ്ടതാണ് അതിലെ ഓരോ വാക്കും. ദൈവത്തെ കുറിച്ച് സംസാരിക്കുന്നവർ പൂർണ ദൈവമായില്ലെങ്കിലും കുറഞ്ഞപക്ഷം ദിവ്യത്വത്തിന്റെ ചില അംശങ്ങളെങ്കിലും പ്രകടിപ്പിച്ചിരിക്കണം എന്ന ജനതയുടെ മൂഢവിശ്വാസത്തെ എതിരിട്ടുകൊണ്ടാണ്, ഇസ്‌ലാം ഈ ദാർശനിക വിജയം നിലനിർത്തിപ്പോരുന്നത്. സൂറ *അൽഇസ്രാഇൽ* പ്രവാചകനും ജനതയും തമ്മിലുള്ള ഒരു സംവാദമുദ്ധരിക്കുന്നത് കാണുക: "അവർ പറഞ്ഞു: ഭൂമിയിൽനിന്ന് നീ ഒരുറവ ഒഴുക്കിത്തരാതെ ഞങ്ങൾ വിശ്വാസികളാവാൻ പോകുന്നില്ല. അല്ലെങ്കിൽ നിനക്ക് ഈന്തപ്പനത്തോട്ടവും മുന്തിരിത്തോട്ടവുമുണ്ടാകട്ടെ; അതിനിടയിലൂടെ നദികളുമൊഴുക്കുക. നീ അവകാശപ്പെടും പോലെ, ആകാശത്തെ കഷ്ണം കഷ്ണമാക്കി ഞങ്ങളുടെ മേൽ വീഴ്ത്തുകയോ അല്ലാഹുവിനെയും മാലാഖക്കൂട്ടത്തെയും കൊണ്ടുവരികയോ ചെയ്യുക. അല്ലെങ്കിൽ നിനക്കൊരു സുവർണ മാളികയുണ്ടാവട്ടെ. അതുമല്ലെങ്കിൽ ആകാശത്തേക്ക് കയറിപ്പോകൂ. എന്നാൽ വായിക്കാൻ പറ്റുന്ന ഒരു ഗ്രന്ഥം കൊണ്ടുത്തരാതെ നിന്റെ ആകാശാരോഹണത്തിലും ഞങ്ങൾ വിശ്വസിക്കില്ല" (90–93).

മുഹമ്മദ് നബിയിലൂടെ ഈ അത്ഭുതങ്ങളെല്ലാം പ്രത്യക്ഷപ്പെടുത്താൻ തികച്ചും കഴിവുറ്റവൻ തന്നെയാണ് അല്ലാഹു. അവൻ ഒരു കാര്യമുദ്ദേശിച്ചാൽ 'ഉണ്ടാകൂ എന്ന് പറയുകയേ വേണ്ടൂ ഉടനതുണ്ടാകും.' എന്നിട്ടും അല്ലാഹു അത്ഭുതങ്ങൾ പ്രകടിപ്പിച്ചുകൊണ്ടല്ല പ്രതികരിച്ചത്. മറിച്ച്, പ്രവാചകനോട് കൽപിച്ചു: "പറയുക: നാഥൻ പരിശുദ്ധൻ! ഞാനൊരു ദൂതനായ മനുഷ്യൻ മാത്രമല്ലേ....?"

"നബിയേ പറയുക, ഭൂമിയിലുള്ളത് ശാന്തരായി നടകൊള്ളുന്ന മാലാഖമാരായിരുന്നുവെങ്കിൽ, മാനത്തുനിന്നും മലക്കിനെത്തന്നെ നാം ദൂതനായി നിയോഗിച്ചേനെ" (17:94,95).

അപ്പോൾ, മനുഷ്യന്റെ ജൈവികതയുമായി കൂടി ബന്ധപ്പെട്ട വിഷയമാണ് പ്രവാചകത്വം എന്നത്. മനുഷ്യന്റെ ജൈവപ്രകൃതിയിൽ തന്നെ മാനവികതയെ ആവിഷ്കരിക്കാനുള്ള പരിശീലനമാണ് മനുഷ്യനു കിട്ടേണ്ടത്. മാലാഖ എന്നത് തികച്ചും ധാർമികമായ അസ്തിത്വമാണ്. മനുഷ്യന്റെ ജൈവപ്രകൃതിയും മാലാഖയുടേതും തമ്മിൽ സമീകരണമി

ല്ല.

'ഭൂമിയിൽ സഞ്ചരിക്കുന്ന ഖുർആൻ' എന്ന പ്രവാചകനെക്കുറിച്ച ആഇശ(റ)യുടെ പ്രസ്താവം വലിയ മാനങ്ങളുൾക്കൊള്ളുന്നതാണ്. പ്രവാചകനെ മണ്ണിലേക്കത് ചേർത്തുനിർത്തുന്നു. ഭൂമിയിൽ നടക്കുന്ന ഖുർആനില്ലെങ്കിൽ ഖുർആൻ പോലും മഹിതമായ മന്ത്രങ്ങളുടെ അക്ഷരക്കൂട്ടം മാത്രമായിപ്പോവും. ഒരു ചെടിക്ക് നിലനിൽക്കാൻ വിണ്ണിലെ സൂര്യ പ്രകാശം അനിവാര്യമെങ്കിലും മണ്ണില്ലെങ്കിൽ എവിടെയാണത് കാലൂന്നിനിൽക്കുക? അതിനാലാണ് വിണ്ണിന്റെ വചനപ്പെയ്ത്ത് മണ്ണിലെ ഒരു മനുഷ്യനിലൂടെയായത്.

നോക്കുക, എത്ര ലളിത സുന്ദരവും സത്യസന്ധവും സമർഥവുമാണ് ഇസ്‌ലാമിന്റെ വിശകലനരീതി. മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങൾക്ക് പ്രാപ്യമല്ലാത്ത അതീത ലോകത്തെ യാഥാർഥ്യങ്ങളിലേക്ക് മനുഷ്യരെ വഴി നടത്തുന്ന മഹാവ്യക്തിത്വങ്ങളെ വളരെ സൂക്ഷ്മതയോടെയാണ് അതവതരിപ്പിച്ചിരിക്കുന്നത്. ദിവ്യത്വത്തിന്റെ അംശലേശമെങ്കിലും അവരിൽ ആരോപിക്കപ്പെടാനുള്ള അവസാന സാധ്യതയെയും ഇല്ലാതാക്കുന്ന ഈ ആദർശ ജാഗ്രതയാണ് ഇസ്‌ലാമിന്റെ ഏറ്റവും വലിയ ശക്തി. ഇതായിരിക്കണം ഇസ്‌ലാമിനും ഇതര വിശ്വാസ സംഹിതകൾക്കും മധ്യേയുള്ള അടിസ്ഥാന വിഭജനരേഖ. മനുഷ്യത്വത്തെയും ദിവ്യത്വത്തെയും കൃത്യമായി വേർതിരിക്കുന്ന സുശക്തവും സുഭദ്രവുമായ ഇസ്‌ലാമിക ദർശനത്തിന് മാത്രമേ ആർക്കും എപ്പോഴും ദൈവമാകാവുന്ന അവസ്ഥാവിശേഷത്തിന് തടയിടാനാകൂ. ■

shanavasthodiyoor@gmail.com